**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037** **01-09-2022 - ൽ മറുപടിയ്ക്ക്**

**ദുരഭിമാന കൊലയ്ക്ക് ഇരയായ അനീഷിന്റെ ഭാര്യയ്ക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ആലത്തൂർ തേങ്കുറിശ്ശി ഇലമന്ദത്ത് അറുമുഖന്റെ മകൻ അനീഷ് 25.12.2020-ന് ദുരഭിമാനകൊലയ്ക്ക് ഇരയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ദുരഭിമാന കൊലയ്ക്ക് ഇരയായ അനീഷിന്റെ ഭാര്യ ഹരിതയ്ക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ (ഫയൽ നമ്പർ E.Ptn 5351/2021) നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | E.Ptn 5351/2022 നമ്പറായി തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിച്ച അപേക്ഷയിൻമേൽ പഞ്ചായത്ത് ഡയറക്ടർ, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.<br><br>ജോലി നൽകുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | ഹരിതയുടെ അപേക്ഷയിന്മേൽ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം എന്താണ്; വ്യക്തമാക്കാമോ; | (സി) | ഉത്തരം(ബി)-യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | ഹരിതയ്ക്ക് വീട് അനുവദിക്കുന്നതിനും ജോലി നൽകുന്നതിനും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഉത്തരം(ബി)-യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ